Day 90 of 90 days 23rd January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ക്രിസ്തുവിനെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് തന്നെ അനുഗമിക്കട്ടെ എന്നാണ് പറഞ്ഞത്. തന്നെത്താൻ ത്യജിക്കുവാനും തന്റെ ക്രൂശ് എടുക്കുവാനും മനസ്സൊരുക്കമില്ലാത്തവർക്ക് ഒരിക്കലും യേശുവിനെ പിൻപററുവാൻ സാധിക്കുന്നതല്ല. ലോകത്തിന്റെ മുൻപാകെ ചില ത്യാഗങ്ങളും സമർപ്പണങ്ങളും അതിനാവശ്യമാണ്. ആ വിധത്യാഗങ്ങൾ സഹിപ്പാനും സമർപ്പിപ്പാനും മനസ്സില്ലാത്തതുകൊണ്ടാണ് പലരും യേശുവിനെ പിൻപററുവാൻ സന്നദ്ധരാകാതിരിക്കുന്നത്. നമ്മേതന്നെ സ്നേഹിക്കുന്നതിനുപരിയായി യേശുവിനെയും മററുള്ളവരെയും സ്നേഹിപ്പാൻ നാം തയ്യാറാകണം. സ്വയ സ്നേഹമാണ്, സ്വാർത്ഥതയിലേക്ക് നമ്മെ നയിക്കുന്നത്. നമുക്ക് എന്തു കിട്ടും, നേട്ടമുണ്ടാകുന്ന വഴി, എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമായിരിക്കും അപ്രകാരമുള്ളവർ ചിന്തിക്കുന്നത്. അവിടെ ക്രിസ്തുവിന് സ്ഥാനമില്ല, മററുള്ളവർക്കും സ്ഥാനമില്ല. എന്നാൽ, കർത്താവ് നൽകിയിരിക്കുന്ന ഏററവും വലിയ കല്പന, പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും ദൈവത്തെ സ്നേഹിക്കുകയും അയൽക്കാരെ അഥവാ മററുള്ളവരെ നമ്മെപ്പോലെതന്നെ സ്നേഹിക്കുകയും ചെയ്യുക എന്നതാണ്. ഇതിന് നിശ്ചയമായും സ്വയംത്യാഗം ആവശ്യമാണ്. നമ്മുടെ സ്വയം ഇതിന് അനുവദിക്കുകയില്ല. നമ്മുടെ സ്ഥാനം മൂന്നാമതായി മാത്രം വരുമ്പോൾ അവിടെ അന്തരീക്ഷം വ്യത്യാസപ്പെടുകയാണ്. യേശു നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു. ഒരുവനുവേണ്ടി മറെറാരുവൻ ജീവൻ തന്നെ വച്ചുകൊടുക്കുന്നതാണ് സ്നേഹം. യേശു തന്റെ ജീവനെ നമുക്കായി ഏൽപ്പിച്ചു തന്ന് നമ്മോടുള്ള അവന്റെ സ്നേഹം വെളിപ്പെടുത്തി. നമുക്ക് യേശുവിനോടുള്ള സ്നേഹം വെളിപ്പെടുത്തുവാനും അതല്ലാതെ മററു മാർഗ്ഗമൊന്നുമില്ല. യേശുവിനെ സ്നേഹിക്കേണ്ട വിധം സ്നേഹിക്കുമ്പോൾ, അവനെ പിൻപററുവാൻ യാതൊന്നും നമുക്ക് തടസ്സമായിരിക്കയില്ല. അപ്രകാരം യേശുവിനെ സ്നേഹിക്കുക. സ്വാഭാവികമായി തന്നെ, നീതിയുടെ പാതയിലൂടെ നടന്നുതുടങ്ങുന്ന അനുഭവത്തിൽ നാം ആയിരിക്കുന്നു. അവിടേക്കു പ്രവേശിച്ചവർക്കു മാത്രമേ അതിന്റെ മാധുര്യവും ശ്രേഷ്ഠതയും ഗ്രഹിപ്പാൻ സാധിക്കുകയുള്ളു. ഇന്ന് ലോകത്തിൽ, ക്രിസ്തീയമണ്ഡലത്തിൽ പോലും, കാണുന്ന പ്രവണത ഒഴുക്കിനനുസരിച്ച് നീന്തുക എന്നതാണ്. എന്നാൽ ക്രിസ്തീയജീവിതം അപ്രകാരം ഉള്ളതല്ല. ഒഴുക്കിനെതിരായി നീന്തുന്നതാണത്, അത് അല്പം പ്രയാസമാണ്. അതിന് ജീവനും ശക്തിയും ആവശ്യമാണ്. അത് ക്രിസ്തുവിൽ നിന്നു പ്രാപിച്ചവർക്ക് മാത്രമേ, ആ വിധം ജീവിപ്പാൻ സാധിക്കുകയുള്ളു. ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. അതിന്റെ ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിന് ഒഴുക്ക് ഒരു തടസ്സമല്ല. എന്നാൽ ജീവനില്ലാത്തതിന് യാതൊരു ലക്ഷ്യവുമില്ല.

തുടരും...